# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3410 23/06/2014-ൽ മറുപടിയ്ക്ക്

## ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനായി പദ്ധതികൾ

| ചോദ്യം<br>ശ്രീ. എം.ഹംസ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കുളങ്ങൾ ഉള്ള പാലക്കാട് ജില്ലയിലെ കുളങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യസമൃദ്ധി പദ്ധതി ജില്ലയിൽ നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ മത്സ്യകർഷകർക്ക് ഹെക്ടറിന് 10,000/- രൂപ എന്ന നിരക്കിൽ മത്സ്യവിത്തും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. കരിമീൻ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കരിമീൻ കുഞ്ഞുങ്ങളെയും ഈ പദ്ധതിയിലൂടെ കൃഷിക്കാർക്ക് സൗജന്യമായി നൽകി വരുന്നു. കൂടാതെ മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കുന്ന എല്ലാ സഹായങ്ങളും ജില്ലയിലെ കർഷകർക്ക് നൽകി വരുന്നു. |
| (ബി) | ഉൾനാടൻ മത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്കും, പോഷണത്തിനുമായി നവീനങ്ങളായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 2014-15 വർഷത്തിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | ഉൾനാടൻ സമ്പത്തിന്റെ പരിരക്ഷക്കും പോഷണത്തിനുമായി സാമൂഹ്യമത്സ്യകൃഷി നടപ്പാക്കിവരുന്നുണ്ട്. സാമൂഹ്യ മത്സ്യകൃഷിക്കായി 2014-15 വർഷത്തിൽ 12 ലക്ഷം രൂപയും, മത്സ്യസമൃദ്ധി പദ്ധതിയിൽ ഒന്നര ലക്ഷം രൂപയും പാലക്കാട് ജില്ലക്കായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന 'മത്സ്യ സമൃദ്ധി' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടിനായി ഓരോ ഗ്രാമ പഞ്ചായത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2012-13-ൽ ലെക്കിടി - പേരൂർ, ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2013-14-ൽ അമ്പലപ്പാറ, ലെക്കിടി - പേരൂർ, ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യകൃഷി പദ്ധതിയിൽ പങ്കാളികളായി. |

2012-13-ൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ 183 കർഷകർ 43.465 ഏക്കർ വരുന്ന കൃഷി കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടത്തി. കൂടാതെ 12 അടുക്കളക്കുളം യൂണിറ്റുകൾക്കായി 1458 കരിമീൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു. പൊതുജലാശയങ്ങളിലെ മത്സ്യക്കുഞ്ഞു നിക്ഷേപം പദ്ധതിയിൽ ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ ഭാരതപുഴയുടെ കടവിൽ ഒരു ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

2013-14-ൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ 240 കർഷകർ 51.46 ഏക്കർ വരുന്ന കൃഷി കുളങ്ങളിൽ മത്സ്യകൃഷി ചെയ്തു. 2 യൂണിറ്റ് അടുക്കളക്കുളങ്ങളിലായി 250 കരിമീൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു. പൊതുജലാശയങ്ങളിലെ മത്സ്യക്കുഞ്ഞു നിക്ഷേപം പദ്ധതിയിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ മുണ്ടോർശ്ശി കടവിൽ രണ്ടു ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

<u>ചെലവഴിച്ച തുകയുടെ വിവരം</u>:

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ചെലവഴിച്ച തുക | | ആകെ |
|---|---|---|---|---|
| | | 2012-13 | 2013-14 | |
| 1 | അമ്പലപ്പാറ | | 10447.00 | 10447.00 |
| 2 | ലെക്കിടി പേരൂർ | 63338.00 | 9736.00 | 73074.00 |
| 3 | ശ്രീകൃഷ്ണപുരം | 12976.00 | 120956.00 | 133932.00 |
| 4 | കടമ്പഴിപുറം | 13155.00 | 30824.00 | 43979.00 |
| 5 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 11571.00 | 28227.00 | 39798.00 |
| | ആകെ | 101040.00 | 200190.00 | 301230.00 |

സെക്ഷൻ ആഫീസർ